കേരള സർക്കാർ

# മലയാറ്റൂർ നീലീശ്വരം ഗ്രാമപഞ്ചായത്ത് 2016-17 ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, എറണാകുളം
website : www.lfa.kerala.gov.in
e-mail : doekm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ.ഇകെഎം(പി4)1909/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്–682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ

തീയതി : 03.11.2017

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മലയാറ്റൂർ നീലീശ്വരം ഗ്രാമപഞ്ചായത്ത്
.
സർ,

വിഷയം : മലയാറ്റൂർ നീലീശ്വരം ഗ്രാമപഞ്ചായത്ത് – 2016-17സാമ്പത്തിക വർഷത്തെ

ഓഡിറ്റ് റിപ്പോർട്ട് - പുറപ്പെടുവിക്കുന്ന

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മലയാറ്റൂർ നീലീശ്വരം ഗ്രാമപഞ്ചായത്ത് 2016-17 സാമ്പത്തിക വർഷത്ത പരിശോധനാഫലമായുള്ള ചെലവ് ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2,3ലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്. ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമപഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ മലയാറ്റൂർ നീലീശ്വരം ഗ്രാമപഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997 ലെ കേരള പഞ്ചായത്ത് രാജ് (-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

.

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :
1)കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം)
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ,എറണാകുളം ജില്ല
3)കാര്യാലയ പകർപ്പ്
.

നം.കെ.എസ്.എ.ഇകെഎം(പി4)1909/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,എറണാകുളം
സിവിൽ സ്റ്റേഷൻ,കാക്കനാട്–682030
ഫോൺ : 0484 – 2422271
email : doekm.ksad@kerala.gov.in

തീയതി : 03.11.2017

എറണാകുളം ജില്ലയിലെ മലയാറ്റൂർ നീലീശ്വരം ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

എറണാകുളം ജില്ലയിലെ മലയാറ്റൂർ നീലീശ്വരം ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്തിന്റെ 01.04.2016 മുതൽ 31.03.2017 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തുകളുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 9 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്വമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റ് നടത്താൻ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. എസ്. വിജയകുമാർ, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 15.09.2017 മുതൽ 25.09.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ. റ്റി.ഒ പോളി | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.ഷൈബി ഇ.ഡി | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. പ്രവീൺ വി.എൻ | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി അനിമോൾ ബേബി | 01.04.2016 മുതൽ 31.03.2017 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് | |
|---|---|---|---|
| | | മുതൽ | വരെ |
| സെക്രട്ടറി | ശ്രീ.മനോജ് കെ വി | 01.04.2016 | 31.03.2017 |

| | | | |
|---|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ സുനിൽകുമാർ കെ യു | 01.04.2016 | 31.03.2017 |
| കൃഷി ഓഫീസർ | ശ്രീമതി അനിത വി | 01.04.2016 | 31.03.2017 |
| വെറ്ററിനറി സർജൻ | ഡോ.ജെയ്ബി | 01.04.2016 | 31.03.2017 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ.അനഘൻ സി | 01.04.2016 | 05.02.2017 |
| | ഡോ.ബിന്ദു തോമസ് | 06.02.2017 | 31.03.2017 |
| മെഡിക്കൽ ഓഫീസർ (പി എച്ച് സി) | ഡോ.അഖില കെ പി | 01.04.2016 | 11.05.2016 |
| | ഡോ.ലിയ ലാലിഗ്രോ | 12.05.2016 | 10.08.2016 |
| | ഡോ.എലിസബത്ത് ജേക്കബ് | 11.08.2016 | 30.10.2016 |
| | ഡോ.ഷൈമ സലിം | 31.10.2016 | 31.03.2017 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി അജിതമോൾ | 01.04.2016 | 12.02.2017 |
| | ശ്രീമതി രശ്മി രാമചന്ദ്രൻ | 13.02.2017 | 31.03.2017 |
| വി ഇ ഒ, കാടപ്പാറ | ശ്രീ ഷിനോ തോമസ് (വി ഇ ഒ, മലയാറ്റൂർ-ഇൻ ചാർജ്ജ്) | 01.04.2016 | 14.10.2016 |
| | ശ്രീമതി ലിസി കെ പി | 15.10.2016 | 31.03.2017 |
| വി ഇ ഒ, മലയാറ്റൂർ | ശ്രീ ഷിനോ തോമസ് | 01.04.2016 | 31.03.2017 |
| ഐ സി ഡി എസ് സൂപ്പർവൈസർ | ശ്രീമതി ശാന്തിനി എൻ പി | 01.04.2016 | 05.09.2016 |
| | ശ്രീമതി നിഷ എം | 06.09.2016 | 31.03.2017 |
| ഹെഡ് മിസ്ട്രസ്സ് (ഗവ.എൽ പി എസ്, നീലീശ്വരം) | ശ്രീമതി എ എം രത്നകുമാരി | 01.04.2016 | 31.03.2017 |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി ആർ അനുപ്രിയ | 01.04.2016 | 18.08.2016 |
| | ശ്രീമതി ശ്രീജ ജി എസ് | 19.08.2016 | 15.11.2016 |
| | ശ്രീ തോമസ് ഒ എ | 16.11.2016 | 31.03.2017 |

ഉള്ളടക്കം

.



| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നം |
|---|---|---|
| 1 | ബജറ്റ് | 1–1 |
| 2 | വാർഷിക ധനകാര്യ പത്രിക | 1–2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1–3 |
| 4 | സാമ്പത്തിക വിശകലനം | 1–4 |

| | | |
|---|---|---|
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 1-10 |
| 11 | ആഭ്യന്തര നിയന്ത്രണം | 1-11 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-12 |
| 13 | ഓഡിറ്റ് ഇംപാക്ട് | 1-13 |
| | ഭാഗം 2 | |
| 14 | വാണിജ്യാവശ്യത്തിനുള്ള കെട്ടിടം വിഭജിച്ച് വസ്തുനികുതി നിർണ്ണയിച്ചതു മൂലം നഷ്ടം | 2-1 |
| 15 | വസ്തുനികുതി വിസ്തീർണ്ണത്തിനാനുപാതികമായി നികുതി കണക്കാക്കിയില്ല. | 2-2 |
| 16 | വസ്തുനികുതി – കെട്ടിടങ്ങൾ പൂർണ്ണമായി അസസ്സ് ചെയ്തിട്ടില്ല | 2-3 |
| 17 | വസ്തുനികുതി – വർഷങ്ങളായി പ്രവർത്തിക്കുന്ന കെട്ടിടങ്ങൾ നാളിതുവരെ അസസ്സ് ചെയ്യപ്പെട്ടിട്ടില്ല. | 2-4 |
| 18 | തൊഴിൽ നികുതി ഈടാക്കുന്നതിൽ – അപാകതകൾ | 2-5 |
| 19 | സ്വകാര്യ ആശുപത്രി രജിസ്ട്രേഷൻ എടുക്കാതെ പ്രവർത്തിക്കുന്നു | 2-6 |
| 20 | ഇ -ടെണ്ടർ - ടെണ്ടർ ഫീ ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടില്ല | 2-7 |
| | ഭാഗം 3 | |
| 21 | മരാമത്ത് പ്രവൃത്തി അപാകതകൾ | 3-1 |
| 22 | റോഡ് മെറ്റലിംഗ് – അധികമായി ചെലവഴിച്ച മെറ്റൽ വില അംഗീകരിക്കുന്നില്ല | 3-2 |
| 23 | ടാറിന്റെ വില വ്യത്യാസം ബില്ലിൽ നിന്നും കുറവു ചെയ്തില്ല – അധിക ചെലവ് | 3-3 |
| 24 | ലെവലിങ്ങ് കോഴ്സ് പ്രവൃത്തി - അധിക നിരക്ക് നൽകി. | 3-4 |
| 25 | എസ് സി /എസ് റ്റി വിദ്യാർത്ഥികൾക്ക് പഠനമുറി | 3-5 |
| 26 | ഖരമാലിന്യ സംസ്കരണം-(റിംഗ് കമ്പോസ്റ്റ്) -പ്രവൃത്തി പൂർത്തിയായില്ല,ചെലവു തുക തടസ്സപ്പെടുത്തുന്നു | 3-6 |
| 27 | വാഹന വാടക നൽകിയത്-ആദായനികുതി സ്രോതസ്സിൽ നിന്ന് ഈടാക്കിയില്ല | 3-7 |
| 28 | കുടുംബശ്രീ കഫേ യൂണിറ്റിന് വാങ്ങിയ ഫോട്ടോകോപ്പിയർ നിഷ്ക്രിയം | 3-8 |

| | | |
|---|---|---|
| 29 | ഹോമിയോ മരുന്ന് ലഭ്യമായിട്ടില്ല | 3-9 |
| 30 | ടെന്റർ ഫോമിന്റെ വില | 310 |
| | ഭാഗം 4 | |
| 31 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 32 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 33 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 34 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 35 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 36 | ഓഡിറ്റ് റിക്കവറി | 4-6 |
| 37 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 38 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 39 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട് | 4-9 |
| 40 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം1 |
| 41 | ബാലൻസ് ഷീറ്റ് | അനുബന്ധം2 |
| 42 | ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം3 |
| 43 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം4 |



# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ ബജറ്റ് 03.03.2016 ൽ ചേർന്ന പ്രത്യേക കമ്മിറ്റി യോഗം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് പ്രകാരമുള്ള വിശദ വിവരം താഴെ കൊടുക്കുന്നു.

| | ബജറ്റ് പ്രകാരം | വാർഷിക കണക്കുകൾ പ്രകാരം (വരവു ചെലവു പത്രിക പ്രകാരം) |
|---|---|---|
| വരവ് | 97424750 | 44800415 |
| ചെലവ് | 94453750 | 40510852 |

ഇ എഫ് എം എസ്, ഡി ബി റ്റി മുഖേനയുള്ള എം ജി എൻ ആർ ഇ ജി എസ്, ബി ഫണ്ട് എന്നിവയുടെ വരവ് ചെലവുകൾ യഥാക്രമം 2.3 കോടി രൂപയും, 3.7കോടി രൂപയും വരവു ചെലവു പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. ഇവ ഉൾപ്പെടുമ്പോൾ ബജറ്റ് പ്രകാരവും വാർഷിക കണക്കുകൾ പ്രകാരവുമുള്ള വരവ് ചെലവുകളിൽ ഗണ്യമായ വ്യത്യാസം ഇല്ല.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|

| | |
|---|---|
| 31.7.2016 | 18.7.2016 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ ന്യൂനതകൾ ഒന്നും ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഓഡിറ്റ് സർട്ടിഫിക്കറ്റ്, ഓഡിറ്റ് ചെയ്ത ബാലൻസ് ഷീറ്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൌണ്ട്, റസീപ്റ്റ് & പേയ്മെന്റ് അക്കൌണ്ട് എന്നിവ അനുബന്ധമായി ആയി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 9236292 |
| വരവ് | 44800415 |
| ആകെ | 54036707 |
| ചെലവ് | 40510852 |
| നീക്കിയിരിപ്പ് | 13525855 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | തൻവർഷ അലോട്ട്മെന്റ് | ചെലവ് | ചെലവ് ശതമാനം |
|---|---|---|---|
| വികസന ഫണ്ട്(പൊതുവിഭാഗം) | 10912018 | 7860965 | 72% |
| എസ്.സി. പി. | 4042107 | 3004195 | 74% |
| ടി.എസ്. പി. | 197220 | 97220 | 49% |
| സംരക്ഷണഗ്രാന്റ്-റോഡ് | 5986053 | 5129329 | 86% |
| സംരക്ഷണ ഗ്രാന്റ്-നോൺ റോഡ് | 3858558 | 2390077 | 62% |
| 13-ാംധന കാര്യകമ്മീഷൻ ഗ്രാന്റ് | 6119792 | 4756288 | 78% |
| പെർഫോമൻസ് ഗ്രാന്റ് (ലോകബാങ്ക്) | 4936384 | 1861624 | 38% |
| ബി ഫണ്ട് | 37408085 | 37408085 | 100% |
| എം.എൻ. ആർ. ഇ. ജി.എസ്. | 1284085 | 1273287 | (നീക്കിയിരിപ്പ്) 10798 |

## 1-6 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 150 | 53852334 | 83 | 2739606 | 18 | 49 | 55.3% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

ഇല്ല .(സ്പിൽ ഓവറായി 2017-18 ലേക്ക് മാറ്റി)
അംഗീകാരം ലഭിക്കുന്ന പദ്ധതികൾ അതത് വർഷം തന്നെ പൂർത്തീകരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

.

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 73% ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | 2015-16 | 2016-17 | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2748972 | 5031767 | 2282795 | (+)83% |
| നികുതിയേതര വരവുകൾ | 593193 | 812534 | 219341 | (+)37% |
| മറ്റുവരവുകൾ | 84597 | 72522 | 12075 | (-)14% |
| ആകെ | 3426762 | 5916823 | 2514211 | 73% |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 58800 | 66 |
| കർഷകതൊഴിലാളി പെൻഷൻ | 5274410 | 3170 |
| വിധവാപെൻഷൻ | 9714080 | 4420 |
| വാർദ്ധക്യകാലപെൻഷൻ | 18784335 | 7028 |
| വികലാംഗപെൻഷൻ | 2652870 | 1350 |
| അവിവാഹിതരായ 50 വയസ്സിന് മുകളിൽ പ്രായമായ വനിതകൾക്കുള്ള ധനസഹായം | 713590 | 335 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 210000 | 8 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.09.2017 ന് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 52,903/-(അൻപത്തി രണ്ടായിരത്തി തൊള്ളായിരത്തി മൂന്ന്) രൂപയുടെ കൃത്യത ബോധ്യപ്പെട്ടു.

.

## 1-10 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

| തൊഴിൽ കാർഡ് ഉള്ളവർ | | | | തൊഴിൽ ആവശ്യ പ്പെട്ടവരുടെ എണ്ണം | തൊഴിൽ ലഭിച്ചവരുടെ എണ്ണം | സൃഷ്ടിക്കപ്പെട്ട തൊഴിൽദിനങ്ങൾ | | | | 100 ദിവസം തൊഴിൽ ലഭിച്ചവർ |
|---|---|---|---|---|---|---|---|---|---|---|
| SC | ST | GEN | Total | | | SC | ST | GEN | Total | |
| 488 | 2 | 2992 | 3482 | 1976 | 1976 | 19520 | 99 | 44337 | 63956 | 85 |

.

| മുന്നിരിപ്പ് | തൻവർഷ വരവ് | | | ചെലവ് | | | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|---|
| | EFMS | ഭരണച്ചെലവുകൾക്കായുള്ള തുക (AFS പ്രകാരം) | ആകെ | EFMS | ഭരണ ച്ചെലവുകൾക്കായുള്ള തുക (AFS പ്രകാരം) | ആകെ | |
| 389 | 21798823 | 1284085 | 23083297 | 21798823 | 1273287 | 23072110 | 11187 |

.

| | |
|---|---|
| സാങ്കേതികാനുമതി ലഭിച്ച ആകെ പ്രവൃത്തികൾ | 178 |
| പൂർത്തീകരിച്ച ആകെ പ്രവൃത്തികൾ | 162 |

## 1-11 ആഭ്യന്തര നിയന്ത്രണം

ലോൺ രജിസ്റ്റർ, ഓഡിറ്റ് ഒബ്ജക്ഷൻ രജിസ്റ്റർ എന്നിവ കാലികമായി എഴുതി സൂക്ഷിക്കേണ്ടതാണ്. ഓഡിറ്റ് റിക്കവറി തുകകൾ ഒബ്ജക്ഷൻ രജിസ്റ്ററിൽ ചേർത്ത് സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

## 1-12 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14.09.2017 | 08/2017 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 04.03.2015 | 2009-10മുതൽ 2013-14 വരെ | 23.05.2015 |

.

## 1-13 ഓഡിറ്റ് ഇംപാക്ട്

വാല്യ മെഡി സർവ്വീസസ് (പ്രൈ) ലിമിറ്റഡ്, മുളംങ്കുഴി എന്ന സ്ഥാപനം സമർപ്പിച്ചിട്ടുള്ള 1-ാം അർദ്ധ വർഷത്തെ അർദ്ധ വാർഷിക വരുമാന പത്രികൾ പ്രകാരം 1-ാം അർദ്ധവർഷത്തെ തൊഴിൽ നികുതി ജീവനക്കാരുടെ അർദ്ധ വാർഷിക വരുമാനത്തിന്റെ നിരക്ക് അനുസരിച്ചിട്ടല്ല ഈടാക്കിയിരിക്കുന്നത് എന്ന ഓഡിറ്റ് എൻക്വയറി (നം. 1 (1)) യുടെ അടിസ്ഥാനത്തിൽ പ്രകാരം കുറവ് വന്ന തൊഴിൽ നികുതി തുകയായ 16,924/- രൂപ (പിഴപലിശ ഉൾപ്പെടെ) 25.05.2017 തീയതിലെ രസീത് നം. 117010101597 പ്രകാരം അടവാക്കിയിട്ടുണ്ട്. അച്ചടി ജോലികൾക്ക് നൽകിയ തുകയിൽ നിന്നും 1% ഇൻകം ടാക്സ് ഈടാക്കിയിട്ടില്ല എന്ന ഓഡിറ്റ് എൻക്വയറി (നം. 5)യുടെ അടിസ്ഥാനത്തിൽ 25.05.2017 തീയതിലെ രസീത് നം. 117010101593 പ്രകാരം 914/- രൂപ അടവാക്കിയിട്ടുണ്ട്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാണിജ്യാവശ്യത്തിനുള്ള കെട്ടിടം വിഭജിച്ച് വസ്തുനികുതി നിർണ്ണയിച്ചതു മൂലം നഷ്ടം

2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിലും, 'ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം മാത്രം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ്' എന്ന് നിഷ്കർഷിച്ചിരിക്കുന്നു. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണയം നടത്തേണ്ടതാണ്.

തദ്ദേശ സ്വയംഭരണ (ആർ.ഡി)വകുപ്പിന്റെ 14-01-11ലെ സർക്കാർ ഉത്തരവ് (അച്ചടി)19/2011 അടിസ്ഥാനപ്പെടുത്തി ത. സ്വ. ഭ. വ. നമ്പർ ഉത്തരവ് വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് 100 ചതുരശ്ര മീറ്റർ വരെ തറ വിസ്തീർണമുള്ള കെട്ടിടങ്ങൾക്ക് ചതുരശ്രമീറ്ററിന് 30/-രൂപയായും, 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്ക് ചതുരശ്രമീറ്ററിന് 50/-രൂപയായും, 01.03.2012 തീയതിലെ C3-116/2012നമ്പർ പ്രകാരം പഞ്ചായത്ത് വിജ്ഞാപനം ചെയ്തിട്ടുണ്ട്.

എന്നാൽ വസ്തു നികുതി നിർണയവുമായി ബന്ധപ്പെട്ട രേഖകൾ പരിശോധിച്ചതിൽ 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള കെട്ടിടത്തിനെ വിവിധ കടമുറികളായി വിഭജിച്ച് നികുതി നിർണയിക്കുകയും അവയ്ക്ക് 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള കെട്ടിടങ്ങൾക്ക് ബാധകമായ ചതുരശ്രമീറ്ററിന് 50/-രൂപ പ്രകാരമുള്ള നികുതി നിരക്ക് നൽകുന്നതിന് പകരം 100/-ചതുരശ്ര മീറ്റർ വരെ തറ വിസ്തീർണമുള്ള കെട്ടിടത്തിന് ബാധകമാകേണ്ട 30/-രൂപ നിരക്കിൽ വസ്തു നികുതി ഈടാക്കിയതായും കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) കെട്ടിട ഉടമസ്ഥൻ - ബിജോയി ജോർജ്

| വാർഡ് നമ്പരും കെട്ടിട നമ്പരും | കെട്ടിടത്തിന്റ വിസ്തൃതി (ച.മീ.) | നിർണയിച്ച നികുതി അർഹതപ്പെട്ട വർദ്ധന-ഇളവ് ഉൾപ്പടെ (ച.മീറ്ററിന് 30 രൂപാ നിരക്കിൽ) (+20%റോഡ്) | നിർണ്ണയിക്കേണ്ട നികുതി അർഹതപ്പെട്ട വർദ്ധന-ഇളവ് ഉൾപ്പടെ (ച.മീ.ന് 50 രൂപ നിരക്കിൽ) (+20%റോഡ്) | കുറവ് |
|---|---|---|---|---|
| 10/103b | 22.19 GF | 799 +40(5% Lc) | 1,332 + 67(5% Lc) | 560 |

| | | | | |
|---|---|---|---|---|
| 10/103c | 22.19 GF | 799 +40(5% Lc) | 1,332 + 67(5% Lc) | 560 |
| 10/103d | 22.19 GF | 799 +40(5% Lc) | 1,332 + 67(5% Lc) | 560 |
| 10/103e | 22.19 GF | 799 +40(5% Lc) | 1,332 + 67(5% Lc) | 560 |
| 10/103F | 30.42 GF | 1096 +55(5% Lc) | 1826 +92(5% Lc) | 767 |
| 10/103G | 22.19 GF | 799 +40(5% Lc) | 1,332 + 67(5% Lc) | 560 |
| 10/103H | 22.19 GF | 799 +40(5% Lc) | 1,332 + 67(5% Lc) | 560 |
| 2)കെട്ടിട ഉടമസ്ഥൻ - ജോസ് പാലമറ്റം (30/$m^2$ ) (50/$m^2$ ) | | | | |
| 1/ 385A | 27.22 GF | 817 + 41 | 1361 + 68 | 571 |
| 1/ 385B | 12.38 GF | 372 + 19 | 619 + 31 | 255 |
| 1/ 385C | 27.22 FF | 777 + 39 (FF 5% കുറവ്) | 1293 + 65 | 571 |
| 1/ 385D | 12.38 FF | 354 + 18(FF 5% കുറവ്) | 588 + 30 | 246 |
| 1/ 385E | 27.89 FF | 796 + 40 (FF 5% കുറവ്) | 1325 + 67 | 556 |
| 1/ 385F | 29.74FF | 849 + 43 (FF 5% കുറവ്) | 1413 + 71 | 592 |
| ആകെ | | | | 6918 |

കുറവു വന്ന നികുതി, കുടിശ്ശിക സഹിതം ഈടാക്കേണ്ടതാണ്.

## 2-2 വസ്തുനികുതി -വിസ്തീർണ്ണത്തിനാനുപാതികമായി നികുതി കണക്കാക്കിയില്ല

100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്ക് ചതുരശ്രമീറ്ററിന് 50/-രൂപയാണ്. എന്നാൽ താഴെ പറയുന്ന 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള കെട്ടിടങ്ങൾക്ക് “100 ചതുരശ്ര മീറ്റർ വരെ തറ വിസ്തീർണമുള്ള കെട്ടിടങ്ങളുടെ ഉപയോഗക്രമങ്ങൾക്ക്" ഉൾപ്പെടുത്തി ചതുരശ്രമീറ്ററിന് 30/-രൂപയാണ് ഈടാക്കിയത്

| കെട്ടിട ഉടമസ്ഥൻ - രവി | | | | |
|---|---|---|---|---|
| വാർഡ് നമ്പരും കെട്ടിട നമ്പരും | കെട്ടിടത്തിന്റ വിസ്തതി (ച.മീ.) | നിർണയിച്ച നികുതി അർഹതപ്പെട്ട വർദ്ധന-ഇളവ് ഉൾപ്പടെ (ച.മീറ്ററിന് 30 രൂപ നിരക്കിൽ) | നിർണ്ണയിക്കേണ്ട നികുതി അർഹതപ്പെട്ട വർദ്ധന-ഇളവ് ഉൾപ്പടെ (ച.മീ.ന് 50 രൂപ നിരക്കിൽ) | കുറവ് |
| 3/100B | 119.13 GF | 3574 +179(LC) | 5957 + 298(LC) | 2502 |
| 3/100C | 119.13 FF | 3396 + 170(LC) | 5660+ 283(LC) | 2377 |
| ആകെ | | | | 4879 |

കുറവു വന്ന നികുതി, കുടിശ്ശിക സഹിതം ഈടാക്കേണ്ടതാണ്

## 2-3 വസ്തുനികുതി - കെട്ടിടങ്ങൾ പൂർണ്ണമായി അസസ്സ് ചെയ്തിട്ടില്ല.

a. വാർഡ് നമ്പർ 13 – ലെ ശ്രീ.ജോമോൻ ഇടത്തലയുടെ കെട്ടിട നമ്പർ 74 B(FF) മുകളിൽ പണിതിട്ടുള്ള 100 m2 വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് ഇതുവരെ പെർമിറ്റ് നൽകുകയോ ഒക്കുപൻസി സർട്ടിഫിക്കറ്റ് നൽകുകയോ ചെയ്തിട്ടില്ല.

b. ശ്രീ. കെ. വി ടോളിൻ , മാനേജിംഗ് ഡയറക്ടർ, ടോളിൻസ് വേൾഡ് സ്കൂൾ - വാർഡ് നമ്പർ 3- സ്കൂൾ കെട്ടിടത്തിന് അസ്സസ് ചെയ്ത് ഒക്കുപൻസി സർട്ടിഫിക്കറ്റ് നൽകിയത് ആകെ 2003 m2 കെട്ടിടത്തിനാണ് (കെട്ടിട നമ്പർ 464/എ പ്രകാരം - 53 m2 , കെട്ടിട നമ്പർ 464/Bപ്രകാരം - 150 m2, കെട്ടിട നമ്പർ 464/C പ്രകാരം-1800 m2). എന്നാൽ ഈ കെട്ടിടം നേരിൽ കണ്ട് പരിശോധിച്ചതിൽ കെട്ടിടത്തിന് ആകെ 10,654 M2 വിസ്തീർണമുണ്ട് (സ്കൂൾ കെട്ടിടം - 4227 m2, ഓഫിസ് ആവശ്യത്തിനുള്ള കെട്ടിടം - 4277 m2, ഓഡിറ്റോറിയം - 2,150 m2) അധികമായി പണിത കെട്ടിടത്തിന് ഇതുവരെ പെർമിറ്റ് നൽകുകയോ ഒക്കുപൻസി സർട്ടിഫിക്കറ്റ് നൽകുകയോ ചെയ്തിട്ടില്ല.

c. 16 )ം വാർഡിൽ മലയാറ്റൂർ നീലീശ്വരം കോ. ഓപ്പറേറ്റീവ് സൊസൈറ്റി സ്ഥിതി ചെയ്യുന്ന കെട്ടിടത്തിന് അസ്സസ് ചെയ്ത് ഒക്കുപൻസി സർട്ടിഫിക്കറ്റ് നൽകിയത് ആകെ 120 m2 കെട്ടിടത്തിനാണ്.(കെട്ടിട നമ്പർ 380/എ പ്രകാരം - 30 m2 , കെട്ടിട നമ്പർ 379പ്രകാരം - 60 m2, കെട്ടിട നമ്പർ 380 പ്രകാരം-30 m2) എന്നാൽ ഈ കെട്ടിടം നേരിൽ കണ്ടതിൽ കെട്ടിടത്തിന് ഏകദേശം 1000 M2 ൽ കൂടുതൽ വിസ്തീർണമുണ്ട് അധികമായി പണിത കെട്ടിടത്തിന് ഇതുവരെ പെർമിറ്റ് നൽകുകയോ ഒക്കുപൻസി സർട്ടിഫിക്കറ്റ് നൽകുകയോ ചെയ്തിട്ടില്ല.
ടി കെട്ടിടങ്ങളുടെ നികുതി ശരിയായി നിർണ്ണയിച്ച് ഈടാക്കേണ്ടതാണ്.

## 2-4 വസ്തുനികുതി -വർഷങ്ങളായി പ്രവർത്തിക്കുന്ന കെട്ടിടങ്ങൾ നാളിതുവരെ അസസ്സ് ചെയ്യപ്പെട്ടിട്ടില്ല

താഴെ പറയുന്ന കെട്ടിടങ്ങൾ വർഷങ്ങളായി പ്രവർത്തിച്ച് വരുന്നവയാണ്. എന്നാൽ ഇതുവരെ പെർമിറ്റ് നൽകുകയോ ഒക്കുപൻസി സർട്ടിഫിക്കറ്റ് നൽകുകയോ ചെയ്തിട്ടില്ല.

1. പുത്തേൻ ആന്റണി ഓഡിറ്റോറിയം നീലീശ്വരം, വാർഡ് 16
2. തിരുഹൃദയ ദേവാലയ പാരിഷ് ഹാൾ കളമ്പാട്ടുപുരം, വാർഡ് 16
3. സെന്റ് ആന്റണീസ് ചർച്ച് പാരിഷ് ഹാൾ നടുവട്ടം, വാർഡ് 1
4. സെന്റ് സെബാസ്റ്റ്യൻ ചർച്ച് പാരിഷ് ഹാൾ സെബിയൂർ, വാർഡ് 4
5. മലയാറ്റൂർ ഫുഡ് കോർട്ട് , മലയാറ്റൂർ വാർഡ് 9
6. ന്യൂമാൻസ് കോളേജ് ഓഫീസ് കെട്ടിടം, വിമലഗിരി വാർഡ് 5

മേൽ കെട്ടിങ്ങൾ അസ്സസ്സ് ചെയ്ത് വസ്തു നികുതി ഈടാക്കേണ്ടതാണ്. ഇതിന് 25.09.2017 തീയതിയിൽ നം. 7 ആയി ഓഡിറ്റ് എൻക്വയറി നല്കിയെങ്കിലും മറുപടി ലഭിച്ചില്ല.

## 2-5 തൊഴിൽ നികുതി ഈടാക്കുന്നതിൽ - അപാകതകൾ

1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ പ്രകാരം തൊഴിൽ നികുതി ഈടാക്കിയതിൽ അപാകതകൾ സംഭവിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(1) താഴെപ്പറയുന്ന സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധ വർഷം |
|---|---|---|
| 1 | മലയാറ്റൂർ നീലീശ്വരം സർവ്വീസ് സഹകരണ ബാങ്ക് ലി., നീലീശ്വരം | 1, 2 |

| | | |
|---|---|---|
| 2 | മലയാറ്റൂർ നീലീശ്വരം സർവ്വീസ് സഹകരണ ബാങ്ക് ലി., കാടപ്പാറ ബ്രാഞ്ച് | 1, 2 |
| 3 | മാവേലി സ്റ്റോർ, നീലീശ്വരം | 1, 2 |

(2) ബി.എസ്.എൻ.എൽ., ഓഫീസിൽ നിന്നും 2016-17 വർഷം ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടുണ്ട്. എന്നാൽ ബി.എസ്.എൻ.എൽ. ന്റെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ WP(C)No. 16670/2006 കേസിൽ 09-09-2016 തീയതിയിൽ പുറപ്പെടുവിച്ച വിധിയിൽ ബി.എസ്.എൻ.എൽ തൊഴിൽ നികുതി അടയ്ക്കേണ്ടതാണെന്ന് പ്രസ്താവിച്ചിട്ടുണ്ട്. ആയതിനാൽ ബി.എസ്.എൻ.എൽ -ൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

മേൽപ്പറഞ്ഞിരിക്കുന്ന അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്ന ഓഡിറ്റ് എൻക്വയറി നം. 1 ന് സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകി തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് മറുപടി ലഭിച്ചിട്ടുണ്ട്. തൊഴിൽ നികുതി ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

.

## 2-6 സ്വകാര്യ ആശുപത്രി രജിസ്ട്രേഷൻ എടുക്കാതെ പ്രവർത്തിക്കുന്നു

1997-ലെ കേരള പഞ്ചായത്ത് രാജ് (സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ പാരാമെഡിക്കൽ സ്ഥാപനങ്ങളുടെയും രജിസ്ട്രേഷൻ) ചട്ടങ്ങൾ പ്രകാരം സ്വകാര്യ ആശുപത്രികൾ രജിസ്ട്രേഷൻ എടുക്കേണ്ടതുണ്ട്. എന്നാൽ കെട്ടിട നമ്പർ 9/438, 439 ൽ പ്രവർത്തിക്കുന്ന സെന്റ് തോമസ് ഹോസ്പിറ്റൽ, മലയാറ്റൂർ എന്ന സ്ഥാപനം രജിസ്ട്രേഷൻ എടുത്തിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ് എന്ന ഓഡിറ്റ് എൻക്വയറി നം.6 ന് മറുപടി ലഭിച്ചിട്ടില്ല. രജിസ്ട്രേഷൻ എടുപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-7 ഇ - ടെണ്ടർ -ടെണ്ടർ ഫീസ് ഗ്രാമപഞ്ചായത്തിൽ ലഭിച്ചിട്ടില്ല

ഈ ടെൻഡർ മുഖേന ടെൻഡർ ചെയ്ത പ്രവൃത്തികളുടെ ടെൻഡർ ഫീസ് ഗ്രാമപഞ്ചായത്തിൽ ലഭിച്ചിട്ടില്ല. ടെൻഡർ ഫീസ് ഗ്രാമപഞ്ചായത്തിൽ ലഭിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 മരാമത്ത് പ്രവൃത്തികൾ - റോഡ് മെയിന്റനൻസ് അപാകതകൾ

പഞ്ചായത്ത് തനത് വർഷം 1.20 കോടി രൂപ മരാമത്ത് പ്രവൃത്തികൾക്കായി ചെലവഴിച്ചിട്ടുണ്ട്. ഇതിൽ അധികം തുകയും ചെലവഴിച്ചത് റോഡ് കോൺക്രീറ്റിംഗ് ചെയ്യുന്നതിനാണ്. ഭൂരിപക്ഷം പ്രവൃത്തികളും കോൺക്രീറ്റിംഗ് ആണ്. കൂടാതെ റോഡ് ടാറിംഗ് പ്രവൃത്തികളും ചെയ്തിട്ടുണ്ട്.

റോഡുകൾ മുഴുവൻ മെയിന്റനൻസ് ചെയ്യാതെ റോഡിന്റെ ചെറിയ ഭാഗം മാത്രമാണ് മെയിന്റനൻസ് ചെയ്യുന്നത്. കോൺക്രീറ്റ് ചെയ്യുന്ന റോഡുകളുടെ ആകെ നീളമോ മെയിന്റനൻസ് ചെയ്യുന്ന ഭാഗത്തിന്റെ ചെയിനേജോ എസ്റ്റിമേറ്റ് റിപ്പോർട്ടിലോ എസ്റ്റിമേറ്റിലോ എം ബുക്കിലോ ഒന്നും രേഖപ്പെടുത്തുന്നില്ല. ആയതിനാൽ സ്ഥലം നേരിൽ പോയി പ്രവൃത്തി ചെയ്തത് പരിശോധിക്കാനും സാധ്യമല്ല. മാത്രമല്ല പ്രവൃത്തികൾ പൂർത്തിയാക്കി എന്നുള്ള മോണിറ്ററിംഗ് റിപ്പോർട്ടും ഒരു ഫയലിലും ഉള്ളടക്കം ചെയ്തിട്ടില്ലാത്തതിനാൽ പ്രവൃത്തികൾ ചെയ്തിട്ടുണ്ടോ എന്നു പോലും അറിയില്ല. ഓരോ വർഷവും ഒരേ റോഡ് തന്നെ കുറച്ച ഭാഗം മാത്രം മെയിന്റനൻസ്

ചെയ്യുന്നു. ഓരോ വർഷവും പുതിയ പ്രോജക്റ്റായി പദ്ധതി നടപ്പിലാക്കുന്നതിനാൽ ഓരോ റോഡും ഇതുവരെ എത്ര മീറ്റർ നീളത്തിൽ എവിടെവരെ ഏതെല്ലാം ഭാഗത്ത് മെയിന്റനൻസ് ചെയ്തിട്ടുണ്ട് എന്നത് സംബന്ധിച്ച ഒരു വിവരവും പഞ്ചായത്തിൽ ലഭ്യമല്ല.
പ്രവൃത്തി ചെയ്ത എല്ലാ റോഡുകളുടെയും ആകെ നീളവും പ്രവൃത്തി ചെയ്ത ഭാഗത്തെ ചെയിനേജും ഫയലിലും എം ബുക്കിലും രേഖപ്പെടുത്തി ഓഡിറ്റിനെ അറിയിക്കേണ്ടതും ഭാവിയിൽ ഈ അപാകത പരിഹരിക്കേണ്ടതുമാണ്.

.

## 3-2 റോഡ് മെറ്റലിംഗ് - അധികമായി നൽകിയ മെറ്റൽ വില അംഗീകരിക്കുന്നില്ല.

.cpwd specification vol.II item no. 16.72 പ്രകാരം റോഡ് പ്രവൃത്തിക്ക് ആവശ്യമായ (സെക്കന്റ് മെറ്റലിംഗ്) 53-22.4 mm സൈസിലുള്ള മെറ്റലിന്റെ അളവ് 10 ചതുരശ്രമീറ്ററിന് 0.935 $m^3$ ആണ്. എന്നാൽ താഴെ പറയുന്ന പ്രവൃത്തികൾക്ക് ആവശ്യമായതിൽ അധികം മെറ്റലിന്റെ തുക നൽകിയിട്ടുണ്ട്.

1.

| | |
|---|---|
| പ്രവൃത്തി | ഫ്രൂട്ടി കമ്പനി 2nd മെറ്റലിംഗ് & ടാറിംഗ് |
| പ്രൊജക്ട് | S -059/17 |
| കൺവീനർ | ശ്രീ ദേവസ്സി ടി.ഒ |
| എം ബുക്ക് | 4/15-16 |
| ചെലവഴിച്ച തുക | Bill no. 12/2016-17 Rs. 2,09,540/- |
| മെറ്റലിംഗ് ഏരിയ | 245.75 $m^2$ |
| ഉപയോഗിച്ച മെറ്റലിന് നൽകിയ വില | 23.34 m3 x 1637/m3 = 38,209 |
| ആവശ്യമായ മെറ്റലിന് നൽകാവുന്ന വില | 22.98m3x1637/m3= 37,618/- (245.75m2x0.935/10m2=22.98) |
| അധികം നൽകിയ തുക | 591/- |

2.

| | |
|---|---|
| പ്രവൃത്തി | മനേക്കുടി റോഡ് മെറ്റലിംഗ് & ടാറിംഗ് |
| പ്രൊജക്ട് | S- 066/17 |
| കൺവീനർ | ശ്രീ. സിബി. ഇ.ഡി |
| എം ബുക്ക് | 7/15-16 |
| ചെലവഴിച്ച തുക | Bill no. 15/2016-17 Rs. 2,97,144/- |
| മെറ്റലിംഗ് ഏരിയ | 510 $m^2$ |
| ഉപയോഗിച്ച മെറ്റലിന് നൽകിയ വില | 48.5 $m^3$ x 1637/$m^3$ = 79,399 |
| ആവശ്യമായ മെറ്റലിന് നൽകാവുന്ന വില | 47.685$m^3$x1637/$m^3$= 78,060/- (510$m^2$x0.935/10$m^2$=47.685) |
| അധികം നൽകിയ തുക | 1339/-രൂപ |

അധികം നൽകിയ 1930/- തുക രൂപ ഈടാക്കേണ്ടതാണ്. ഇതിന് 25.9.17 ൽ ഓഡിറ്റ് എൻക്വയറി നല്കിയെങ്കിലും മറുപടി ലഭിച്ചിട്ടില്ല.

## 3-3 ടാറിന്റെ വില വ്യത്യാസം ബില്ലിൽ നിന്നു കുറവു ചെയ്തില്ല - അധിക ചെലവ്

താഴെ പറയുന്ന റോഡ് ടാറിംഗ് പ്രവൃത്തികൾ ഗുണഭോക്തൃ സമിതി മുഖേനയാണ് നടപ്പാക്കിയത്. പ്രവൃത്തിയുടെ എസ്റ്റിമേറ്റ് DSR-2014 പ്രകാരവുമാണ് തയ്യാറാക്കിയത്. ഐറ്റം നമ്പർ 16.32-1 പ്രകാരം റീടാറിംഗ് നിരക്ക് 177.5/$m^2$ ആണ്. കൂടാതെ ലെവലിംഗ് കോഴ്സിന് ഒബ്സർവ്ഡ് ഡാറ്റ പ്രകാരം നിരക്ക് 1928/$m^3$ ആണ്. ഈ രണ്ടിലും ടാറിന്റെ ((Bitumen VG -10) ടാർ വില (ടണ്ണിന്) 50600/- രൂപയാണ്. എന്നാൽ ഗുണഭോക്തൃ സമിതിക്ക് ഇതിലും വളരെ കുറഞ്ഞ നിരക്കിലാണ് ടാർ ലഭിച്ചിട്ടുള്ളത്. ഗുണഭോക്തൃ സമിതികൾ മുഖേന നടത്തപ്പെടുന്ന വേലകളിൽ യഥാർത്ഥ ചെലവു തുകയിൽ അധികരിക്കുന്ന ബിൽ തുക നല്കേണ്ടതില്ല. ആയതിനാൽ ടാറിന്റെ യഥാർത്ഥ വിലയിൽ അധികരിച്ച് വർക്ക് ബില്ലിൽ ടാർ വിലയിനത്തിൽ കണക്കാക്കിയ തുക കുറവു ചെയ്ത മാത്രമേ ഫൈനൽ ബിൽ നൽകാമായിരുന്നുള്ളു. എന്നാൽ ടാറിംഗ്- വേലയുടെ ബില്ലിൽ നിന്നും ഇപ്രകാരം കുറവു വരുത്താതിരുന്നതു മൂലം കൺവീനർമാർക്ക് അധിക തുക നൽകാനിടയായി. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു. .(ചുവടെ ചേർത്തിരിക്കുന്ന 8പ്രവൃത്തികളിൽ ക്രമ നമ്പർ 2 ന്റെ ഫയലിനൊപ്പം മാത്രമാണ് ടാർ ബില്ല് സമർപ്പിച്ചിട്ടുള്ളത് ഇതനുസരിച്ച് ടാർ വില 34/kg ആണ്. എല്ലാ വേലകളും ഒരേ കാലഘട്ടത്തിൽ നടന്നിട്ടുള്ളതിനാൽ എല്ലാ കൺവീനർമാർക്കും ഇതേ നിരക്കിൽ തന്നെയാണ് ടാർ ലഭിച്ചത് എന്ന് വ്യക്തമാണ് ആയതിനാൽ എല്ലാ പ്രവൃത്തികളിലും ഒരു കിലോ ഗ്രാമിന് 50.60-34 =16.6/- രൂപ അധികം നല്കിയിട്ടുണ്ട്.

| ക്രമ നം. | പ്രവൃത്തി | പ്രോജക്ട് | കൺവീനർ | എം. ബുക്ക് | ബിൽ നം/ ചെലവഴിച്ച തുക | റീടാറിംഗ് ഏരിയ/ ലെവലിംഗ് കോഴ്സ് | ഉപയോഗിച്ച ബിറ്റുമിൻ (kg)(റിടാറിംഗ് – 2.92/$m^2$ & ലെവലിംഗ് കോഴ്സ് – 20/$m^2$ | അധികം നല്കിയ തുക 16.6/ കിലോ |
|---|---|---|---|---|---|---|---|---|
| 1 | വില്ലേജ് റോഡ് ടാറിംഗ് | 52/17 | ജയചന്ദ്രൻ | 17/15-16 | 13/16-17-3, 94,368 | 904$m^2$ / 17.3$m^3$ | 2986 | 49568 |
| 2 | കളമ്പാട്ടുപുരം കാഞ്ഞിരത്ത് റോഡ് റീടാറിംഗ് | 63/17 | ഷൈനി ജോണി | 48/15-16 | 25/16-17 Rs. 1,97,858 | 490.3$m^2$/ 3.8$m^3$ | 1508 | 25033 |
| 3 | മാലി റോഡ് റിടാറിംഗ് | 58/17 | ഷൈബി കെ.എൻ | 49/15-16 | 16/16-17 Rs. 3,93,579/- | 960$m^2$/ 19.2$m^3$ | 3187 | 52904 |
| 4 | ചേലച്ചുവട് റോഡ് റീടാറിംഗ് | 56/17 | ജോയ് മോൻ | 22/15-16 | 2/16-17 Rs. 4,00,000 | 990$m^2$/ 18$m^3$ | 3251 | 53967 |
| 5 | പുല്ലൻ റോഡ് റീ ടാറിംഗ് | 69/17 | ആന്റണി പി.വി | 28/15-16 | 4/16-17 Rs. 2,94,005 | 1096$m^2$/ 8.6$m^3$ | 3372 | 55975 |
| 6 | പുഞ്ച റോഡ് റീടാറിംഗ് | 60/17 | ടോമി.പി.പി | 20/15-16 | 5/16-17Rs. 220749 | 534.41$m^2$/ 9.5$m^3$ | 1750 | 29050 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 7 | തെണ്ടുമുകൾ റോഡ് റിടാറിംഗ് | 55/17 | കുഞ്ഞുമോൻ | 5/15-16 | 1/16-17 Rs. 114005 | $1010m^2$/ $16.2m^3$ | 3273 | 54332 |
| 8 | മനേക്കുടി റോഡ് മെറ്റലിംഗ് &ടാറിംഗ് | 66/17 | ഷൈബി കെ.എൻ | 174/15-16 | 15/16-17 Rs. 2,97,144 | $510m^2$ | 1617 ($3.17/m^2$) | 26842 |
| | ആകെ | | | | | | | 3,47,671 |

ക്രമ നം. 2 ന്റെ ബിറ്റുമിന്റെ ബില്ല് മാത്രമാണ് ഹാജരാക്കിയത്. (ബില്ല് നം. 0039003/23-3-17 പ്രകാരം ഒരു കി. ഗ്രാം ബിറ്റുമിന്റെ വില 34/- രൂപയാണ്.ടി ന്യൂനത സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി നല്കിയെങ്കിലും മറുപടി ലഭിച്ചില്ല.

അധികം നല്കിയ തുക ഉത്തരവാദിയായവരിൽ നിന്ന് ഈടാക്കേണ്ടതാണ്.

## 3-4 ലെവലിങ്ങ് കോഴ്സ് പ്രവൃത്തി - അധിക നിരക്ക് നൽകി.

മലയാറ്റൂർ - നീലീശ്വരം ഗ്രാമ പഞ്ചായത്തിൽ 2015-16 സാമ്പത്തിക വർഷത്തിൽ അസ്സി.എഞ്ചിനീയർ നടപ്പാക്കിയ വിവിധ റീ-ടാറിംഗ് പ്രവൃത്തികളിൽ 53mm to 22.4mm മെറ്റൽ ഉപയോഗിച്ചുള്ള ബിറ്റുമിൻ ലെവലിങ്ങ് കോഴ്സ് ഉൾപ്പെടുത്തിയിട്ടുണ്ട്. 2014-15 സാമ്പത്തികവർഷം വരെ തദ്ദേശ സ്വയം ഭരണ വകുപ്പിലെ റീ-ടാറിംഗ് പ്രവൃത്തികളിൽ ചെയ്തിരുന്ന ബിറ്റുമിൻ ലെവലിങ്ങ് കോഴ്സിലെ 36mm മെറ്റലിനു പകരം DSR ലെ 53mm to 22.4mm മെറ്റലിന്റെ നിരക്കാണ് നൽകിയിരിക്കുന്നത്. 53mm to 22.4mm മെറ്റലിന് CPWD (DSR) ഇനം 16.3.3 പ്രകാരം 1637.10രൂപ/m3 (with out CP+OH) രൂപയും ബിറ്റുമിൻ ലെവലിങ്ങ് കോഴ്സ് പ്രവൃത്തിക്ക് 1928.60രൂപ/m3 (with out CP+OH) നിരക്കുമാണ് നൽകിയിട്ടുള്ളത്. രണ്ട് ഐറ്റത്തിനും കൂടി 1m3 ന് 3565.70 രൂപ നൽകിയിരിക്കുന്നു. എന്നാൽ തദ്ദേശ സ്വയം ഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 13.02.2014 തിയതിയിലെ DB-3/6512/2013/CE/LSGD നമ്പർ സർക്കുലർ പ്രകാരം CPWD ഡാറ്റയിലെ അദ്ധ്യായം 16 ഉം MoRD സ്പെസിഫിക്കേഷനുമാണ് വാഹന ബാഹുല്യം കുറവായതും വീതി കുറഞ്ഞതുമായ ഗ്രാമീണ റോഡുകൾക്ക് ഉപയോഗിക്കാവുന്നത്. ഇതു പ്രകാരം MoRD 506 പ്രകാരമുള്ള Construction of Penetration Macadam (75mm,,VG 10 bitumin) ത്തിന്റെ നിരക്കായ 275.40 രൂപയാണ് $1m^2$ ന് കുഴിയടക്കൽ പ്രവൃത്തികൾക്ക് പരമാവധി നൽകാവുന്നത്.

. ജില്ലയിലെ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിലെ പൊതുമരാമത്ത് വേലകളുടെ തലവനായ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറും ജില്ലയിലെ മറ്റ് ബ്ലോക്ക് ഡിവിഷൻ ഓഫീസുകളുടെ തലവൻമാരും MoRD സ്പെസിഫിക്കേഷൻ 506 പ്രകാരമുള്ള നിരക്കിന് അംഗീകാരം നൽകിയപ്പോൾ അങ്കമാലി ബ്ലോക്ക് ഡിവിഷൻ ഓഫീസിൽ നിന്നും ഇത്തരത്തിൽ തെറ്റായ എസ്റ്റിമേറ്റിന് അംഗീകാരം നൽകിയത് ന്യായീകരിക്കാവുന്നതല്ല. ഇതുമൂലം സംഭവിച്ച നഷ്ടത്തിന് എസ്റ്റിമേറ്റിന് അംഗീകാരം നൽകിയ എക്സിക്യൂട്ടീവ് എഞ്ചിനീയറും പദ്ധതി നടപ്പാക്കിയ അസ്സിസ്റ്റന്റ് എഞ്ചിനീയറും തുല്യ ഉത്തരവാദികളാണ്. ടി ന്യൂനതകൾ മൂലം കൺവീനർമാർക്ക് അധികം തുക നല്കാനിടയായ പ്രവൃത്തികളുടെ വിശദാംശം ചുവടെ ചേർക്കുന്നു. അധികം നൽകിയ തുക തിരിച്ചുപിടിക്കേണ്ടതാണ്. (10 cm കനത്തിലാണ് പ്രവൃത്തികൾ ചെയ്തിട്ടുള്ളത്, അതനുസരിച്ചാണ് ഇവിടെ വിസ്തീർണ്ണം കണക്കാക്കിയിട്ടുള്ളത്)

.

| പ്രവൃത്തി | പ്രൊജക്ട് | കൺവീനർ | എം ബുക്ക് | ബിൽ നം / ചെലവഴിച്ച തുക | ലെവലിംഗ് കോഴ്സ്/ അളവ് &നല്കിയ തുക | നല്കേണ്ട തുക | അധികം നല്കിയ തുക |
|---|---|---|---|---|---|---|---|

| | | | | | | | |
|---|---|---|---|---|---|---|---|
| വില്ലേജ് റോഡ് റിടാറിംഗ് | 52/17 | ജയചന്ദ്രൻ | 17/15-16 | 13/16-17-Rs. 3,94,368 | 17.30/$m^3$ Rs.61,687 | 173$m^2$ x275.4$m^2$= 47644 | Rs. 14043 |
| കളമ്പാട്ടുപുരം കാഞ്ഞിരത്ത് റോഡ് റിടാറിംഗ് | 63/17 | ഷൈനി ജോണി | 48/15-16 | 25/16-17 Rs.1,97,858 | 3.80$m^3$/ Rs.13550 | 38$m^2$ x275.4 = 10465/_ | Rs. 3085 |
| മാലി റോഡ് റിടാറിംഗ് | 58/17 | ഷൈബി കെ. എൻ | 49/15-16 | 16/16-17 Rs. 3,93,579/- | 19.20$m^3$/ Rs.68,461 | 192$m^2$ x275.4 = 52877/- | Rs. 15584 |
| ചേലച്ചുവട് റോഡ് റിടാറിംഗ് | 56/17 | ജോയ് മോൻ | 22/15-16 | 2/16-17 Rs. 4,00,000 | 18$m^3$/ Rs.64,183 | 180$m^2$ x275.4 = 49572/- | Rs. 14611 |
| പുല്ലൻ റോഡ് റിടാറിംഗ് | 69/17 | ആന്റണി പി വി | 28/15-16 | 4/16-17 Rs.2,94,005 | 8.60$m^3$/ Rs.30,665 | 86$m^2$ x275.4 =23684/- | Rs.6981 |
| പുഞ്ച റോഡ് റിടാറിംഗ് | 60/17 | ടോമി പി പി | 20/15-16 | 5/16-17 Rs.220749 | 9.50$m^3$/ Rs.33,874 | 95$m^2$ x275.4 =26163/- | Rs.7711 |
| തെണ്ടുമുകൾ റോഡ് റിടാറിംഗ് | 55/17 | കുഞ്ഞുമോൻ | 5/15-16 | 1/16-17 Rs. 114005 | 16.20$m^3$ Rs.57764 | 162$m^2$ x275.4 = 44615/- | Rs.13149 |
| | | | | | | ആകെ | 75164 |

.
ഇതിന് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭിച്ചില്ല. അധികം നല്കിയ 75,164/- രൂപ ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്.

## 3-5 എസ് സി /എസ് റ്റി വിദ്യാർത്ഥികൾക്ക് പഠനമുറി

.

| പ്രോജക്ടിന്റെ പേര് | എസ് റ്റി വിദ്യാർത്ഥികൾക്ക് പഠനമുറി | എസ് സി വിദ്യാർത്ഥികൾക്ക് പഠനമുറി |
|---|---|---|
| പ്രോജക്ട് നം | S - 086/17 | S – 083/17 |
| അടങ്കൽ | 1,00,000/- | 10,00,000/-(എസ് സി |

| | | |
|---|---|---|
| | (ടി എസ് പി 97,220/- തനത് ഫണ്ട് 2780/-) | പി) |
| ചെലവ് | 1,00,000/- | 9,50,000/- |
| ബിൽ നം. | 30/2016-17 തീയതി 27.03.2017 തുക 50,000/- 40/16-17 തീയതി 31.03.2017 തുക 47,220/- | 28/16-17 തീയതി 27.03.2017 തുക 5,00,000/- 39/16-17 തീയതി 31.03.2017 തുക 4,50,000/- |

അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി എസ് സി/എസ് റ്റി വിഭാഗത്തിൽപ്പെട്ട സ്കൂൾ വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിന് 1,00,000/- രൂപ വീതം ആനുകൂല്യം നൽകുന്ന 2 പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. മേൽ പദ്ധതിയിൽ താഴെപ്പറയുന്ന ഗുണഭോക്താക്കൾക്ക് അഡ്വാൻസ് തുക 50,000/-രൂപയും, പഠനമുറി നിർമ്മാണം പൂർത്തീകരിച്ചതിനുശേഷം 50,000/-രൂപ എന്നിങ്ങനെ ആനുകൂല്യം നൽകിയിട്ടുണ്ട്.

.

S - 086/17

.

| പേര് | വീട്ട് നമ്പർ | കൈപ്പറ്റിയ തുക |
|---|---|---|
| വിഘ്നേഷ് വിജീഷ്/ വിജയൻ ദാമോദരൻ പുന്നപ്പറമ്പിൽ | 6/192 എ | 1,00,000/- |

.

S - 083/17

| ക്രമ നം. | പേര് | വീട്ട് നമ്പർ | കൈപ്പറ്റിയ തുക |
|---|---|---|---|
| 1 | അക്ഷയ് വിജയൻ/ വിജയൻ എം ഒരിക്കംപുറം ഹൌസ് | 3/164 | 1,00,000/- |
| 2 | അനന്ത് രാജ് കെ എസ്/ സുരേഷ് ബാബു കാരാങ്കൽ | 6/297 | 1,00,000/- |
| 3 | അതുൽ കൃഷ്ണ/ ജലജ രാധാകൃഷ്ണൻ ചെങ്ങാട്ട് വീട് | 8/356 | 1,00,000/- |
| 4 | സഞ്ജന സുനിൽ/ വി കെ സുനിൽ കുറുമ്പൻ | 4/100എ | 50,000/- |
| 5 | ആശ ദാസൻ/ ദാസൻ പെരുണ്ടയിൽ | 2/267 | 1,00,000/- |

| | | | |
|---|---|---|---|
| 6 | ജ്യവൽ സാജു/<br>സാജു പി എ<br>പുറവനത്ത് വീട് | 5/477 | 1,00,000/- |
| 7 | അനന്യ കൃഷ്ണകുമാർ/<br>കൃഷ്ണകുമാർ എ കെ<br>എടപ്പിടിയത്ത്കരോട്ട് | 7/ 447 | 1,00,000/- |
| 8 | നന്ദിത ഷിബു/<br>ഷിബു എ സി<br>ആപ്പിള്ളി വീട് | 14/337 | 1,00,000/- |
| 9 | സുനിൽ ഷിബു/<br>ഷിബു<br>അമ്പാടൻ വീട് | 1/22 | 1,00,000/- |
| 10 | രാഗി ബാബു<br>പള്ളിയാന വീട് | 17/118 | 1,00,000/- |
| | ആകെ | | 9,50,000/- |

പഠനമുറി നിർമ്മാണം പൂർത്തിയാക്കിയതിന് (പട്ടിക 2 ലെ ക്രമ നം 4 ഒഴികെ)ആനുകൂല്യം കെപ്പറ്റിയ ഗുണഭോക്താക്കളുടെ വീടിന്റെ അസസ്സ്മെന്റിൽ പൂർത്തിയാക്കിയ പഠനമുറികൾ ഉൾപ്പെടുത്തിയിട്ടില്ല. ആയതിനാൽ മാർഗ്ഗരേഖയിൽ നിഷ്കർഷിക്കുന്ന അളവിലാണോ മുറി നിർമ്മിച്ചിരിക്കുന്നതെന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ 20.09.2017 ലെ 2ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ ഓഫീസിലെ തിരക്കുമൂലമാണ് അസസ്സ്മെന്റിൽ വിവരങ്ങൾ ചേർക്കാത്തതെന്ന് പഞ്ചായത്ത് മറുപടി നൽകിയിട്ടുണ്ട്. പണിത മുറികൾ അസസ്സ്മെന്റിൽ ചേർത്ത് രേഖപ്പെടുത്തലുകൾ പൂർത്തിയാക്കുന്നതുവരെ പദ്ധതികളുടെ ചെലവു തുക താഴെപ്പറയും പ്രകാരം ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

.

പ്രോജക്ട് നം.S – 086/17 – 1,00,000/- രൂപ

പ്രോജക്ട് നംS – 083/17 – 9,50,000/-രൂപ

ആകെ 10,50,000/-രൂപ

## 3-6 <u>ഖരമാലിന്യ സംസ്കരണം-(റിംഗ് കമ്പോസ്റ്റ്) -പ്രവൃത്തി പൂർത്തിയായില്ല,ചെലവു തുക തടസ്സപ്പെടുത്തുന്നു</u>

| പ്രോജക്ട് നം | S – 032/17 | S – 070/17 |
|---|---|---|
| അടങ്കൽ | 10,00,000/-(വികസന ഫണ്ട്-ധനകാര്യ കമ്മീഷൻ അവാർഡ്-1,50,000/-,<br>കേന്ദ്രാവിഷ്കൃത ഫണ്ട് -7,50,000/-,<br>മറ്റുള്ളവ -1,00,000/-) | 437500/-(വികസന ഫണ്ട്-ധനകാര്യ കമ്മീഷൻ അവാർഡ്-3,93,750/-<br>മറ്റുള്ളവ -43,750/-) |

| | | |
|---|---|---|
| ചെലവ് | 2,45,250/- | 62,500/- |
| ബിൽ നം. | 1/2016-17 തീയതി 30.03.2017 തുക 40875/- 1548634 തീയതി 30.03.2017 തുക 2,04,375/- | 28/16-17 തീയതി 30.03.2017 തുക 62,500/- |
| നിർവ്വഹണം | വി ഇ ഒ, കാടപ്പാറ | വി ഇ ഒ, മലയാറ്റൂർ |

പഞ്ചായത്തിൽ ഖരമാലിന്യ സംസ്കരണം ലക്ഷ്യമിട്ട് നടപ്പിലാക്കിയ മേൽ പദ്ധതികളിൽ വീടുകളിൽ യൂണിറ്റൊന്നിന് 2500/-രൂപ നിരക്കിൽ റിംഗ് കമ്പോസ്റ്റ് യൂണിറ്റ് സ്ഥാപിച്ച് നൽകുകയാണ് വിഭാവനം ചെയ്തത്. ഇതിനായി S 032/17 പ്രകാരം 400 യൂണിറ്റും,

S - 070/17 പ്രകാരം 25 യൂണിറ്റും റിംഗ് കമ്പോസ്റ്റ് നിർമ്മിച്ച് നൽകുന്നതിനായി ആലുവ, സോഷ്യോ ഇക്കണോമിക് ഫൌണ്ടേഷന് യഥാക്രമം 2,45,250/- രൂപ, 62,500/-രൂപ എന്നിങ്ങനെ അഡ്വാൻസ് തുക 30.03.2017ൽ കൈമാറിയിട്ടുണ്ട്. കരാർ പ്രകാരം അഡ്വാൻസ് തുക കൈപ്പറ്റി 10 ദിവസത്തിനകം പ്രവൃത്തി ആരംഭിക്കേണ്ടതും 2 മാസം കൊണ്ട് ഗുണനിലവാരത്തോടുകൂടി പൂർത്തീകരിക്കേണ്ടതുമാണ്. 30.03.2017ൽ തുക കൈമാറിയിട്ടും നാളിതു വരെ (9/2017 വരെ) പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ല. ഇത് സംബന്ധിച്ച് 20.09.2017 ൽ നൽകിയ 3ാം നമ്പർ ഓഡിറ്റ് എൻക്വയറിക്ക് വി ഇ ഒ നൽകിയ മറുപടിയിൽ, ഗുണഭോക്തൃ വിഹിതം കുറച്ച് ഗുണഭോക്താക്കൾ മാത്രമാണ് അടവാക്കിയിട്ടുള്ളതെന്നും ഇവരുടെ ലിസ്റ്റ് പ്രകാരമുള്ള അഡ്വാൻസ് തുകയാണ് കൈമാറിയിട്ടുള്ളതെന്നും പ്രവൃത്തി തുടങ്ങിയതിനു ശേഷം മഴ ആരംഭിച്ചതിനാൽ കുറച്ചു വീടുകളിൽ മാത്രമാണ് നിർമ്മാണം പൂർത്തിയാക്കാൻ സാധിച്ചുള്ളൂവെന്നും പണി പൂർത്തിയാക്കുന്നതിന് ആനുപാതികമായി മാത്രമേ തുക നൽകൂ എന്നും അറിയിച്ചിട്ടുണ്ട്. പദ്ധതി പൂർത്തിയാക്കി ചെലവു ക്രമപ്പെടുത്തി ഓഡിറ്റിൽ അറിയിക്കുന്നതു വരെ താഴെപ്പറയും പ്രകാരം മേൽ പദ്ധതികളുടെ ചെലവു തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

പ്രോജക്റ്റ് നം S - 032/17 – 2,45,250/-

പ്രോജക്റ്റ് നം S – 070/17 – 62,500/-
ആകെ 307750/-

.

## 3-7 വാഹന വാടക നൽകിയത്-ആദായനികുതി സ്രോതസ്സിൽ നിന്ന് ഈടാക്കിയില്ല-

മെഡിക്കൽ ഓഫീസർ, പ്രൈമറി ഹെൽത്ത് സെന്റർ, മലയാറ്റൂർ പ്രോജക്റ്റ് നം. 93/2016-17 പാലിയേറ്റീവ് ഹോം കെയറുമായി ബന്ധപ്പെട്ട് KL-63A-6346 വാഹനം ഓടിയ വകയിൽ ശ്രീ. തോമസ് പി.കെ, പനച്ചിക്കൽ, മലയാറ്റൂർ പി.ഒ എന്ന വ്യക്തിക്ക് വാഹന വാടക ഇനത്തിൽ ആകെ 1,07,100/- രൂപ നൽകിയിട്ടുണ്ട്. ആദായനികുതി ആക്റ്റ് സെക്ഷൻ 194c അനുസരിച്ച് ട്രാൻസ്പോർട്ട് കോൺട്രാക്റ്റ് ചെലവ് പ്രതിവർഷം 1,00,000 രൂപയിൽ അധികം വന്നാൽ തുകയിൽ നിന്നും 1% ആദായനികുതി ഈടാക്കേണ്ടതായിരുന്നു. എന്നാൽ അപ്രകാരം നികുതി ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ നൽകുന്നു.

| ബിൽ നം./തീയതി | വാഹനം ഉപയോഗിച്ച മാസം | നൽകിയ തുക |
|---|---|---|

| | | |
|---|---|---|
| 2/16-17,29.11.16 | 7.4.16മുതൽ 30.10.16 വരെ | 62,300 |
| 7/16-17,21.2.17 | 4.11.16മുതൽ 30.2.17 വരെ | 18,200 |
| 9/16-17,17.3.17 | 5.1.17മുതൽ 31.1.17വരെ | 9,100 |
| 10/16-17,27.3.17 | 2.2.17മുതൽ 27.2.17വരെ | 9,100 |
| 14/16-17,31.3.17 | 2.3.17മുതൽ 24.3.17വരെ | 8,400 |
| ആകെ | | 1,07,100/- |

ആയതിനാൽ 1,07,100/- രൂപയുടെ 1% തുകയായ 1,071/- രൂപ ആദായനികുതി ഈടാക്കി ഇൻകംടാക്സ് ഡിപ്പാർട്ടുമെൻറിൽ അടയ്ക്കാത്തതിന്റെ കാരണം വിശദമാക്കേണ്ടതാണ് എന്ന 25.09.2017 ലെ ഓഡിറ്റ് എൻക്വയറി നം. 8 ന് മറുപടി ലഭിച്ചിട്ടില്ല. ആദായനികുതി ഈടാക്കി ഇൻകംടാക്സ് ഡിപ്പാർട്ടുമെൻറിൽ അടയ്ക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

.

## 3-8 കുടുംബശ്രീ കഫേ യൂണിറ്റിന് ഫോട്ടോകോപ്പിയർ വാങ്ങിയത്

| | |
|---|---|
| പ്രോജക്ട് | കുടുംബശ്രീ കഫേ യൂണിറ്റിന് ഉപകരണങ്ങൾ |
| പ്രോജക്ട് നം. | 165/16-17 |
| അടങ്കൽ | 2,12,400/- |
| ചെലവ് | 99,300/- |
| ട്രഷറി ബിൽ നം. | 64/16-17, 29.3.2017 |
| നിർവ്വഹണം | സെക്രട്ടറി |

.

പ്രസ്തുത പദ്ധതി പ്രകാരം ബൈനറി സിസ്റ്റംസ്, കൊച്ചി എന്ന സ്ഥാപനത്തിൽ നിന്നും 21.03.2017 തീയതിലെ ഇൻവോയിസ് നമ്പർ CN/567/2016-17 പ്രകാരം 94,500/-രൂപ വിലയുള്ള SHARP AR 6026Nഫോട്ടോകോപ്പിയറും, നം. CN/568/2016-17 പ്രകാരം 4,800/- രൂപ വിലയുള്ള കോപ്പിയർ സ്റ്റാന്റും വാങ്ങിയിട്ടുണ്ട് എന്നാൽ നാളിതുവരെയും ഉപയോഗിക്കാതെ പഞ്ചായത്ത് ഓഫീസിൽ സൂക്ഷിച്ചിരിക്കുകയാണ്. ഇതു സംബന്ധിച്ച് വിശദീകരണം ആരാഞ്ഞ് നല്കിയ 23.09.2017 ലെ എൻക്വയറി നം.4 ന് ടി മെഷിൻ സി.ഡി.എസ്-ന് കൈമാറി സി.ഡി.എസ് മായി എഗ്രിമെന്റ് വയ്ക്കുന്ന യൂണിറ്റിന് കൈമാറുവാൻ തീരുമാനിച്ചിരുന്നെങ്കിലും കഫേ യൂണിറ്റ് നിർത്തിവച്ച സാഹചര്യത്തിൽ കൈമാറുന്നതിനായി സാധിച്ചിട്ടില്ല എന്നും മെഷിൻ സി.ഡി.എസ്-ന് കൈമാറുന്നത് സംബന്ധിച്ച തീരുമാനത്തിനായി അടുത്ത പഞ്ചായത്ത് കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതാണ് എന്ന മറുപടി ലഭിച്ചിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

.

## 3-9 ഹോമിയോ മരുന്ന് ലഭ്യമായിട്ടില്ല

| | |
|---|---|
| പ്രോജക്ട് | ഹോമിയോ മരുന്ന് വാങ്ങൽ |
| പ്രോജക്ട് നം. | 89/17 |

| | |
|---|---|
| അടങ്കൽ | 1,00,000/- |
| ചെലവ് | 1,00,000/- |
| ബിൽ നം. | 6/2016-17/18.02.17, 15/16-17/31.3.17 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, പ്രൈമറി ഹെൽത്ത് സെന്റർ, മലയാറ്റൂർ |

ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ പദ്ധതി പ്രകാരം കേരള സ്റ്റേറ്റ് ഹോമിയോപതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ്, ആലപ്പുഴ എന്ന സ്ഥപനത്തിന് 1,00,000/- രൂപ നല്കിയിട്ടുണ്ട് എന്നാൽ മരുന്നുകൾ ലഭ്യമായിട്ടില്ല. മരുന്നുകൾ ലഭിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2016-17 | 2,86,640 | S021/17 ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 286640 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2016-17 | 3,50,000 | S0141/17 പാലിന് സബ്സിഡി | 3,50,000 | |

### 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം./ തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ എസ് ഇ ബി | വിവിധ വാർഡുകളിൽ സ്ട്രീറ്റ് ലൈൻ വലിക്കൽ | 21600941/ 02.03.17 21600945/ 02.03.17 21601108/ 26.03.17 | 828975/- 26800/- 162525/- | 1018300 | പ്രവൃത്തി പൂർത്തിയായിട്ടില്ല |
| കേരള വാട്ടർ അതോറിറ്റി | കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 21600944/ 02.03.17 21601107/ 23.03.17 | 90,000/- 1,20,000/- | 2,10,000/- | പ്രവൃത്തി പൂർത്തിയായിട്ടില്ല |
| കേരള വാട്ടർ അതോറിറ്റി | ഇല്ലിത്തോട് 4സെന്റ് കോളനി പൈപ്പ് ലൈൻ | 21600983 തീയതി 13.03.2017 | 73000 | 73000/- | പ്രവൃത്തി പൂർത്തിയായിട്ടില്ല |

| | | | | | |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | വിവിധ വാർഡുകളിൽ കുടിവെള്ള പൈപ്പ് ലൈൻ | 21600997 തീയതി 13.03.2017 | 118000 | 118000/- | പ്രവൃത്തി പൂർത്തിയായിട്ടില്ല |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

തൻവർഷം ഈയിനത്തിൽ തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടക്കാൻ അവശേഷിക്കുന്ന തുകയുടേയും വിശദവിവരം താഴെ ചേർക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവു നംപർ/ തിയതി/ സ്ഥാപനം | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ എം എസ് ഭവനപദ്ധതി | ജി ഒ(എം എസ്)നം.207/2009/ എൽ എസ് ജി ഡി/ 07.11.2009 | 9037500 | 2037500 | 2037500 | | 0 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

സ്ഥിരനിക്ഷേപങ്ങൾ ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഓഡിറ്റ് റിക്കവറി രജിസ്റ്റർ പ്രകാരം ഈയിനത്തിൽ തൻവർഷം ലഭിച്ച 1,13,150/- രൂപയുടെ വിശദാംശങ്ങൾ
താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തീയതി |
|---|---|---|---|---|
| 2011-12 | 2-1 | 250 | ശ്രീ ധർമ്മരാജൻ | 11601100010/ 02.04.16 |
| 2011-12 | 2-1 | 150 | ശ്രീമതി ജോളി പാപ്പച്ചൻ | 11601100003/ 02.04.16 |
| 2011-12 | 2-1 | 50 | ശ്രീമതി കെ എം ഉഷ | 11601100008/ 02.04.16 |
| 2011-12 | 2-1 | 50 | ശ്രീ കെ ഒ ഔസേഫ് | 11601100007/ 02.04.16 |
| 2006-07 | 3-2 | 100 | ശ്രീ അബ്ദുൾ ലത്തീഫ് | 11601101532/ 30.08.16 |

| | | | | |
|---|---|---|---|---|
| 2011-12 | 3(7) | 84900 | ശ്രീ സി എസ് പ്രവീൺ | 116015000002/ 12.04.16 |
| 2014-15 | 3(2) | 6864 | ശ്രീ ബിനോയി ടി ബേബി | 11601101796/ 30.09.16 |
| 2014-15 | 3(1) | 11893 | ശ്രീ ടി കെ രാജേഷ് | 11601101867/ 07.10.16 |
| 2014-15 | 3(3) | 8893 | ശ്രീ ടി കെ രാഗേഷ് | 11601101868/ 07.10.16 |
| ആകെ---- 1,13,150/- | | | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഗ്രാമ പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | 41 | 2003-04 | 3-7(2) | ഗുണഭോക്തൃ സമിതിയെ ഏൽപ്പിച്ച മരാമത്ത് വേലകൾ പൂർത്തീകരിക്കാത്തത് -സംബന്ധിച്ച് | ലിഫ്റ്റ് ഇറിഗേഷൻ സ്കീം അറ്റകുറ്റപ്പണിയുടെ എം ബുക്ക്, ഫൈനൽ ബിൽ എന്നിവ ഇനിയും കണ്ടെത്താൻ സാധിച്ചിട്ടില്ല. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

2016-2017

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 44800415 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 40510852 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 11797 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 424765 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 1357750 |

.

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

2016-17

.

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | വരവു നഷ്ടം | ചെലവു നഷ്ടം | |
| 2-1 | 6918 | -- | ശ്രീ. മനോജ് കെ.വി, സെക്രട്ടറി |
| 2-2 | 4879 | -- | |
| 3-2 | -- | 1930 | ശ്രീ. ഒ.എ. തോമസ് അസി. എഞ്ചിനിയർ |
| 3-3 | -- | 347671 | |
| 3-4 | -- | 75164 | |
| ആകെ | 11797 | 424765 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

.

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 10,50,000 | ശ്രീ സുനിൽകുമാർ കെ യു, അസിസ്റ്റന്റ് സെക്രട്ടറി |
| 3-6 | 245250 | ശ്രീമതി ലിസ്സി കെ പി, വി ഇ ഒ, കാടപ്പാറ |
| | 62,500 | ശ്രീ ഷിനോ തോമസ്, വി ഇ ഒ, മലയാറ്റൂർ |
| ആകെ | 1357750 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | തുക |
|---|---|
| 3- 7 (ആദായ നികുതി) | 1071/-രൂപ |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ സുനിൽകുമാർ കെ യു, അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി, മലയാറ്റൂർ നീലീശ്വരം ഗ്രാമപഞ്ചായത്ത് | കൃഷ്ണമന്ദിരം, മേക്കാട് പി ഒ 683589 |

| | | |
|---|---|---|
| ശ്രീമതി ലിസ്സി കെ പി വി ഇ ഒ, കാടപ്പാറ | വി ഇ ഒ, കാടപ്പാറ | കീഴേത്താൻ,കാഞ്ഞൂർ |
| ശ്രീ ഷിനോ തോമസ്, വി ഇ ഒ, മലയാറ്റൂർ | വി ഇ ഒ, മലയാറ്റൂർ | അരീക്കൽ,അങ്കമാലി |
| ശ്രീ. മനോജ് കെ.വി സെക്രട്ടറി | സെക്രട്ടറി മലയാറ്റൂർ നീലീശ്വരം ഗ്രാമപഞ്ചായത്ത് | കാരയിൽ,<br>എസ് എൻ റോഡ്,<br>കൂർക്കഞ്ചേരി പി.ഒ, തൃശ്ശൂർ |
| ശ്രീ. ഒ.എ. തോമസ്, അസി. എഞ്ചിനീയർ | വിരമിച്ചു | ഊരോത്ത്, കുവപ്പടി പി.ഒ,<br>മാവേലിപ്പടി, പെരുമ്പാവൂർ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ട്

| ഓഡിറ്റ് വർഷം | ഓഡിറ്റ് റിപ്പോർട്ട് നമ്പർ/തീയതി |
|---|---|
| 1995-96 | എൽ.എഫ്.ഇ.പി-5 -1919/07/11.02.2009 |
| 1996-97(ചെലവ്) | എൽ.എഫ്.ഇ.പി-3-1158/97/28/01/2009 |
| 1997-98(ചെലവ്) | എൽ.എഫ്.ഇ.പി-4-281/19.10.2000 |
| 1998-99(ചെലവ്) | എൽ.എഫ്.ഇ-പി4-859/2005 06/12/2006 |
| 1998-99 | എൽ.എഫ്.ഇ-പി-4-1922/2007/18.09.2008 |
| 1999-00 | എൽ.എഫ്.ഇ-പി4-1923/2007/18.09.2008 |
| 2000-01 | എൽ.എഫ്.ഇ-പി-4-1770/2008/07.12.2009 |
| 2001-02 | എൽ.എഫ്.ഇ-പി-4-1382/2003/03/06/2003 |
| 2002-03 | എൽ.എഫ്.ഇ-പി-4-234/2007/13/11/2007 |
| 2003-04 | എൽ.എഫ്.ഇ-പി-4-1771/08/07.12.2008 |
| 2004-05 | എൽ.എഫ്.ഇ-പി-4-1772/08/07.12.2008 |
| 2008-09 | എൽ.എഫ്.ഇ-പി-4-1661/2009/16.03.2010 |
| 2007-08,2009-10, 2010-11 | എൽ.എഫ്.ഇ-പി-4-1399/12 09.11.2012 |
| 2011-12 | എൽ.എഫ്.ഇ-പി-4- 645/13 29.05.13/13/06/13 |
| 2012-13, 2013-14 | എൽ.എഫ്.ഇ-പി-4- 1903/14/ 30.12.14 |
| 2014-15 | കെ.എസ്.എ(ഇ കെ എം)പി4- 1351/16/ 04.08.16. |
| 2015-16 | കെ.എസ്.എ.ഇ കെ എം(പി4) 8/2017/25.01.2017 |

അവശേഷിക്കുന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

.

## അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ് - 2016-17

നം.കെ.എസ്.എ.-ഇ.കെ.എം(പി.4)1909/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം,
എറണാകുളം,സിവിൽ സ്റ്റേഷൻ,
കാക്കനാട് – 682030
ഫോൺ : 0484 – 2422271
email:doekm.ksad@kerala.gov.in

തീയതി : 3-11-2017

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും എറണാകുളം ജില്ലയിലെ മലയാറ്റൂർ നീലീശ്വരം ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി

ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ മലയാറ്റൂർ നീലീശ്വരം ഗ്രാമപഞ്ചായത്തിന്റെ 2016-17-ലെ വാർഷിക ധനകാര്യ പത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

.

ഡെപ്യൂട്ടി ഡയറക്ടർ

## APPENDIX – I

## AUDIT CERTIFICATE – 2016-17

No.KSAEKM(P.4)1909/2017

Kerala State Audit Department
District Audit Office, Ernakulam
Civil Station, Kakkanad – 682030
Phone : 0484 - 2422271
e-mail :doekm.ksad@kerala.gov.in

Date : 3-11-2017

Certified that I have audited the Annual Financial Statement of Malayattoor Neeleeswaram Grama Panchayat in Ernakulam District for the Financial Year ended on 31.03.2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Annual Financial Statement of Malayattoor Neeleeswaram Grama Panchayat for the Financial Year 2016-17 properly presents the picture of income and expenditure.

.

Deputy Director